(ഇ) ഈ സ്ഥാപനങ്ങളിലും സർക്കാർ ഓൾഡ് ഏജ് ഹോമുകളിലും കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അന്തേവാസികൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു. സ്ഥാപനവുമായും പദ്ധതിയുമായും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം

69 (659) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം പൂർത്തിയായോ ;

(ബി) ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളുമായാണ് കരാറുണ്ടാക്കിയത് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതുവരെ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ എത്ര ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു എന്ന് അറിയിക്കുമോ ;

(ഡി) ഇതിനായി എന്തു തുകയാണ് ചെലവഴിച്ചത് എന്ന് അറിയിക്കുമോ ;

ഉത്തരം

(എ&ബി) സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിൽ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതുവരെ കാർഡുകൾ ഒന്നും വിതരണം ചെയ്തിട്ടില്ല.

(ഡി) ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല.

സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ

70 (660) ശ്രീ. കെ. കുട്ടി. അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനവും വിശദീകരിക്കാമോ ;

(ബി) ഇതിന് ഏത് നിയമപ്രകാരമാണ് പ്രവർത്തനത്തിനുള്ള നിയമ പരിരക്ഷ ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഒരു കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്റെ ഘടനയും പ്രവർത്തനഫണ്ടും സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(ഡി) മിഷന്റെ ആസ്ഥാനവും ജില്ലാതല പ്രവർത്തനത്തിനുള്ള സംവിധാനവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ഇ) വൃദ്ധജന സംരക്ഷണം സംബന്ധിച്ച കാര്യങ്ങളിൽ സെക്യൂരിറ്റി മിഷൻ നടപ്പാക്കിയ പദ്ധതികളും അതു മുഖേനയുണ്ടായ പ്രയോജനങ്ങളും ചെലവാക്കിയ തുകയും സംബന്ധിച്ച് വിശദീകരിക്കുമോ ;

ഉത്തരം

(എ) ഉദ്ദേശ്യ ലക്ഷ്യങ്ങൾ :

1. സംസ്ഥാനത്തെ അശരണരും ആലംബഹീനരും, പാവപ്പെട്ടവരും, വൃദ്ധർ, കുട്ടികൾ, സ്ത്രീകൾ, ഗുരുതരമായ രോഗബാധിതരായവർ, ക്യാൻസർ ബാധിതർ തുടങ്ങി സമൂഹത്തിൽ സഹായവും സുരക്ഷയും ആവശ്യമുള്ള എല്ലാപേർക്കും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.

2. സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

3. സർക്കാർ ആശുപത്രികളിൽ പോഷക മൂല്യമുള്ള ഭക്ഷണം നൽകുന്നതിന് സൗകര്യങ്ങൾ ചെയ്യുക.

4. സർക്കാർ ആശുപത്രികളിൽ നിന്നും രോഗം ഭേദമായി വിട്ടയയ്ക്കുന്ന ആശ്രിതരില്ലാത്ത രോഗികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

5. വിവിധ സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും പ്രശ്ന പരിഹാരത്തിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

6. സാമൂഹ്യ പഠനങ്ങൾ, ആരോഗ്യം, ശാസ്ത്രം, സാങ്കേതിക പഠനങ്ങൾ, പരിസ്ഥിതിപഠനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുക.

7. സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, അവർക്ക് ആവശ്യമായ പരിശീലനം നൽകി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുക.

8. സംസ്ഥാനത്തിന്റെ എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുക.

9. മുകളിൽ ചേർത്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ :

1. ക്യാൻസർ സുരക്ഷാ പദ്ധതി
2. താലോലം പദ്ധതി
3. വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി
4. ഹംഗർഫ്രീ സിറ്റി പദ്ധതി
5. കാരുണ്യ സമ്പാദ്യപദ്ധതി
6. ആശ്വാസകിരണം പദ്ധതി
7. സ്നേഹസ്പർശം പദ്ധതി
8. വയോജനങ്ങൾക്കുള്ള പദ്ധതി
9. എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ ധനസഹായ പദ്ധതി
10. അന്നദായനി സ്കീം
11. പേമെന്റ് ഗേറ്റ് വേ
12. കുട്ടികളിലേയും കൗമാരപ്രായക്കാർക്കുമിടയിലുള്ള ആത്മഹത്യാ പ്രവണത തടയുന്നതിനുള്ള കർമ്മ പദ്ധതി.
13. പെൺഭ്രൂണഹത്യ, വിവാഹ ധൂർത്ത്, gender issues മുതലായവയിലുള്ള ബോധവൽക്കരണം.

(ബി) സർക്കാർ ഉത്തരവ് (എം എസ്.) നമ്പർ 56/2008/സാക്ഷേവ തീയതി 14-10-2008. കേരള സാമൂഹ്യ സുരക്ഷാ മിഷൻ Travancore Cochin Literary Scienctific and Charitable Societies Registration Act 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണ്. ഇത് സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാമൂഹ്യ സുരക്ഷാ മിഷന് ബഹു. സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ചെയർ പേഴ്സനും ഗവൺമെന്റ് സെക്രട്ടറി വൈസ്-ചെയർ പേഴ്സനുമായ 16 അംഗങ്ങളുള്ള ഒരു ഗവേണിംഗ് ബോഡിയും ഗവൺമെന്റ് സെക്രട്ടറി ചെയർമാനുമായ അഞ്ച് അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടറാണ് ദൈനംദിന കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. സാമൂഹ്യ സുരക്ഷാമിഷന് ആകെ 21 തസ്തികകൾ മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. മിഷന്റെ പ്രവർത്തനത്തിനായി സർക്കാർ 65 കോടി രൂപ കോർപ്പസ് ഫണ്ടായി നൽകിയിട്ടുണ്ട്. ഇതിന് പുറമേ രണ്ട് പദ്ധതികൾക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) മിഷന്റെ ആസ്ഥാനം തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള സാമൂഹ്യക്ഷേമ വകുപ്പിന്റെ ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിലാണ്. മിഷന് ജില്ലാതല ഓഫീസുകൾ ഇല്ല. ജില്ലാതല പ്രവർത്തനത്തിന് ജില്ലാ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സഹായം ലഭിക്കുന്നുണ്ട്.

(ഇ) വയോജനങ്ങൾക്ക് താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

(a) സാമൂഹ്യക്ഷേമ വകുപ്പിന്റെ എല്ലാ വൃദ്ധമന്ദിരങ്ങളിലും വൃദ്ധജനങ്ങളുടെ പരിപാലനത്തിനായി കെയർ ഗിവേഴ്സിന്റെ സേവനം നൽകിയിട്ടുണ്ട്. ഇതിനായി മിഷൻ 22.12 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

(b) സാമൂഹ്യക്ഷേമ വകുപ്പിന്റെ ചില വൃദ്ധസദനങ്ങൾ കൂടുതൽ agedfriendly ആകാൻ വേണ്ട സജ്ജീകരണങ്ങൾക്കായി ഈ സ്ഥാപനങ്ങൾ നവീകരിക്കാൻ മിഷൻ KHRWS-നെ ഏൽപ്പിച്ചു. ഇതിനുള്ള എസ്റ്റിമേറ്റ് 313.18 ലക്ഷം രൂപയാണ്. ഇതിൽ 222.77 ലക്ഷം രൂപ നാളിതുവരെ മിഷൻ KHRWS-ന് നൽകിയിട്ടുണ്ട്.

(c) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വൃദ്ധജനങ്ങളുടെ പരിപാലനത്തിനായി ഒൻപതാം വാർഡ് നവീകരിക്കുന്നു. ഇതിനായി KHRWS-ന്റെ എസ്റ്റിമേറ്റ് 71.72 ലക്ഷം രൂപയാണ്. നാളിതുവരെ മിഷൻ 21.77 ലക്ഷം രൂപ KHRWS-ന് നൽകിയിട്ടുണ്ട്.

(d) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിലെ വയോജനങ്ങളെ സാമൂഹ്യക്ഷേമ വകുപ്പിന്റെ വൃദ്ധസദനങ്ങളിൽ പുനരധിവസിപ്പിക്കുന്ന പദ്ധതി. ഇതിനായി മിഷൻ 0.34 ലക്ഷം രൂപ ചെലവഴിച്ചു.

കൊയിലാണ്ടി മണ്ഡലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

71 (661) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യക്ഷേമ വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയത് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനുവേണ്ടി മണ്ഡലത്തിൽ എത്ര രൂപ ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly